**കവിത 4**

**<u>ആത്മം + അപരം = സംഘർഷം</u>**

വീണ്ടും പ്രേമത്തിലായെന്ന്

അവൾക്ക് വിശ്വസിക്കാനായില്ല.

ഭൂതകാലമേൽപിച്ച ബന്ധനങ്ങളിൽ നിന്ന്

മോചിതയായെന്ന് കരുതി

വർത്തമാനത്തിൽ തൂങ്ങിക്കിടന്ന

അവൾക്കു മുന്നിൽ

കീറുമ്പോൾ തെറിച്ചു പോയ

വിറകുകൊള്ളി പോലെ

അവൻ വന്ന് വീണു.

ഒരിക്കലും താഴേക്കിറങ്ങി വരാൻ

സാധിക്കാത്ത

തെരഞ്ഞെടുപ്പിന്റെ അതിസങ്കീർണ്ണതകളിൽ

നിന്ന് മോചിതനാവാൻ കഴിയാത്ത

ഒരുവന്റെ ആത്മസംഘർഷം

കടുപ്പമുള്ളതാണ്.

പഴുത്ത പേരയ്ക്ക പോലവനെ

ചവയ്ക്കാനുള്ള തോന്നലിനെ

മറി കടക്കാനുള്ള പാട്

പ്രേമത്തിലായവർക്കേ മനസ്സിലാവൂ..

കാണാതിരിക്കുമ്പോൾ കാണാനും

കുറേക്കൂടി മിണ്ടാനും

കണ്ണിലും, ചുണ്ടിലും, കവിളിലും,

കഴുത്തിലും കൈയ്യിലും തപ്പിത്തടഞ്ഞ്

വ്യസനിക്കുന്ന

കണ്ണുകളുള്ള പെണ്ണിനെ

കെട്ടിപ്പിടിക്കാനാവാത്ത നിസ്സംഗതയിൽ

ഒരു വൈദികൻ വലഞ്ഞിട്ടുണ്ടാവുമോ?

പ്രേമം തോന്നാൻ

ഒരു പ്രത്യയശാസ്ത്രത്തിന്റെയും

പിൻബലം വേണ്ടെന്ന തിരിച്ചറിവുള്ളവൾ

സന്യാസം സ്വീകരിച്ച പുരുഷനെ

സ്നേഹിക്കാൻ തെരഞ്ഞെടുക്കുന്നു.

തെരഞ്ഞെടുപ്പിന് ശേഷവും

തെരഞ്ഞെടുക്കാനുള്ള അവസരമുണ്ടെന്ന്

മറന്ന് പോവുകയും

മുകളിലേക്ക് നോക്കുമ്പോൾ

ആകാശം മാത്രം കാണാനാവുന്നതും

കഷ്ടമാണ്.

ഒന്ന് കണ്ടാൽ മതി.

കണ്ടു എന്ന തോന്നലുണ്ടാക്കിയാൽ

മാത്രം മതിയെന്ന
അതികാല്പനിക പ്രണയഭാവുകത്വം
പിടി മുറുക്കുന്നതവളറിയുന്നുണ്ട്.

ഒരിക്കലും താഴേക്കിറങ്ങി വരാൻ
സാധിക്കാതെ
തന്റെ തന്നെ പിടി വിടുവിക്കാനാവാതെ
പ്രേമത്തിന്റെ പരിലാളനകൾ
കണ്ടില്ലെന്ന് നടിക്കാനുമാവാതെ
ആത്മത്തിലും അപരത്തിലും
ഒരാൾ നിറയുന്നതിലുള്ള
മദനന്റെ നിസ്സഹായത,
നെടുവീർപ്പ്.

സ്നേഹത്തിന്റെ
എല്ലാ സാധ്യതകളുമറിഞ്ഞ,
ഒരിക്കലതൊന്ന് തൊട്ടതിന്റെ
ഉണങ്ങാത്ത വടുക്കളുള്ള
പ്രേമപാരവശ്യത്താൽ ഞെരിഞ്ഞ
നളിനിയുടെ ഉപ്പ്.

നളിനിയും മദനനുമുണ്ടാക്കിയ
ആത്മസംഘർഷങ്ങളുടെ
ചരിത്രത്തിൽ നിന്നുകൊണ്ട്

വൈദികനെ തെരഞ്ഞെടുത്ത പ്രേമയുക്തി

തീർച്ചയായും

ചോദ്യം ചെയ്യപ്പെടാം.

ചരിത്രം വേദനയുടെതാണെങ്കിൽ

ഒറ്റയായതിന്റെയാണെങ്കിൽ

ആവർത്തിക്കാതിരിക്കുന്നതാണ്

നല്ലതെന്ന്

കാലം ആവശ്യപ്പെടുന്നുമുണ്ടാവാം.

പക്ഷേ

സ്നേഹബന്ധങ്ങളുടെ

സങ്കീർണ്ണതകളുടെ

രതികാമന വംശാവലികളുടെ

ഓർമ്മിക്കപ്പെടാനുള്ള അടങ്ങാത്ത

അഭിവാഞ്ജകളുടെത് കൂടിയാണ്

ചരിത്രം.

അത് ആവർത്തിക്കപ്പെടാം.

അങ്ങനെ സംഭവിച്ചില്ലെങ്കിൽ

പ്രേമത്തിന് എവിടെയാണ് തുടർച്ച?

എത്രാമത്തെ പുരുഷനാണെന്ന്

അവളോർക്കുന്നില്ല.

ഒരു വൈദികനിലത്

അവസാനിക്കണമെന്നും

അവനൊരിക്കലും മേടയിൽ നിന്ന്

ഇറങ്ങി വരല്ലേയെന്നും

അവളാഗ്രഹിയ്ക്കുന്നു.

പ്രേമം സംഭവിക്കാൻ

അതിനെയൊരിക്കലും

സിദ്ധാന്തവത്കരിക്കാതിരിക്കുന്നതാണ്

നല്ലത്.

*– സാഹിറ കുറ്റിപ്പുറം*